മലയാളം / MALAYALAM

പേപ്പർ I / Paper I

സാഹിത്യം / LITERATURE

സമയം : **മൂന്ന്** മണിക്കൂർ *Time Allowed : **Three** Hours*	പരമാവധി മാർക്ക് : **250** *Maximum Marks : **250***

ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

ഒന്നാമത്തെയും അഞ്ചാമത്തെയും ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും/ വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരങ്ങൾ **മലയാളത്തിൽ**ത്തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

Question Paper Specific Instructions

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** from each section.*

The number of marks carried by a question/part is indicated against it.

*Answers must be written in **MALAYALAM**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും ഏകദേശം നൂറ്റമ്പത് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക : *10×5=50*

(a) കേരളപാണിനി ഉന്നയിക്കുന്ന 'ആറുനയം' 'ലീലാതിലക'ത്തിലെ 'കൂന്തൽവാദ'വുമായി താരതമ്യം ചെയ്തു പരിശോധിക്കുക. *10*

(b) പാട്ടുലക്ഷണം പൂർണ്ണമായും യോജിക്കുന്ന കൃതിയാണോ രാമചരിതം ? വിലയിരുത്തുക. *10*

(c) വടക്കൻപാട്ടിന്റെയും തെക്കൻപാട്ടിന്റെയും ഭാഷാപരമായ സവിശേഷതകൾ താരതമ്യം ചെയ്തു വിശദമാക്കുക. *10*

(d) ഭാഷാ സംക്രമണവാദത്തിന്റെ അടിസ്ഥാന തത്വങ്ങൾ പരിശോധിക്കുക. *10*

(e) 'സൈബർ മലയാളം' — ഉപന്യാസം തയ്യാറാക്കുക. *10*

Q2. (a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :

(a) നമ്പ്യാന്തമിഴിലെ ഭാഷാപരമായ സവിശേഷതകളെന്തെല്ലാം ? *20*

(b) മലയാളത്തിലെ ആദ്യത്തെ ഗദ്യകൃതിയായി കരുതിവരുന്ന 'ഭാഷാകൗടലീയ'ത്തിലെ ഭാഷയെക്കുറിച്ച് ചർച്ചചെയ്യുക. *15*

(c) മാപ്പിളപ്പാട്ടുകളിൽ പ്രകടമാകുന്ന ഭാഷയുടെ വിശേഷസ്വഭാവം വ്യക്തമാക്കുക. *15*

Optional Province · optionalprovince.com

Q3. (a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :

(a) മലയാളഭാഷയുടെ വികാസപരിണാമങ്ങൾക്കു പത്രഭാഷ നൽകിയ സംഭാവനകളെന്തെല്ലാം ? *20*

(b) ഭരണപരമായ ആവശ്യങ്ങൾക്കുവേണ്ടി മലയാളഭാഷയെ സാങ്കേതികമായി പരിഷ്കരിക്കുമ്പോഴുള്ള പ്രശ്നങ്ങൾ ചർച്ചചെയ്യുക. *15*

(c) ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യാൻ തക്കവണ്ണം മലയാളഭാഷയെ എങ്ങനെ ശക്തമാക്കാം ? *15*

Q4. (a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :

(a) കിളിപ്പാട്ടുകൃതികളായ 'അദ്ധ്യാത്മരാമായണ'ത്തിലെയും 'മഹാഭാരത'ത്തിലെയും ഭാഷയുടെ സാമാന്യതലം നിരൂപിക്കുക. *20*

(b) മലയാളഭാഷയ്ക്ക് ഗുണ്ടർട്ട് നൽകിയ സംഭാവനകളെന്തെല്ലാം ? *15*

(c) ഇംഗ്ലീഷ് ഭാഷയും സാഹിത്യവുമായുള്ള സമ്പർക്കംകൊണ്ട് മലയാളത്തിൽ നൂതന സാഹിത്യപ്രസ്ഥാനങ്ങൾ ഉടലെടുത്തു. വിലയിരുത്തുക. *15*

Optional Province · optionalprovince.com

SECTION B

Q5. താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും ഏകദേശം നൂറ്റമ്പത് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക : *10×5=50*

(a) ആട്ടക്കഥാപ്രസ്ഥാനത്തിനു് ഉണ്ണായി വാര്യർ നൽകിയ സംഭാവനയെന്തെന്നു് വിശദീകരിക്കുക. *10*

(b) ഭാഷാസാഹിത്യത്തിലെ തെക്കും വടക്കും ഭേദങ്ങളെ കണ്ണശ്ശകൃതികളും കൃഷ്ണഗാഥയും പ്രതിനിധീകരിക്കുന്നുണ്ടോ ? *10*

(c) ദൃശ്യഭാഷ എന്ന നിലയിൽ തുള്ളൽകൃതികളിലെ കാവ്യഭാഷയുടെ പ്രത്യേകതകൾ അവലോകനം ചെയ്യുക. *10*

(d) മലയാളത്തിലെ നാടൻപാട്ടുകളെ വർഗ്ഗീകരിച്ച് സാമാന്യസ്വഭാവം വ്യക്തമാക്കുക. *10*

(e) ഉപരിപ്ലവമായ ആശയങ്ങളും വിരസമായ ആഖ്യാന സമ്പ്രദായവുമായിരുന്നു ആദ്യകാല ചെറുകഥകളുടെ മുഖമുദ്ര. ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക. *10*

Q6. (a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :

(a) 'പച്ചമലയാളപ്രസ്ഥാന'ത്തിനു മലയാളസാഹിത്യത്തിലുള്ള സ്ഥാനം പരിശോധിക്കുക. *20*

(b) ഭാവഗീതങ്ങളുടെ ഉദാത്താവിഷ്കാരങ്ങളായി വള്ളത്തോളിന്റെ 'സാഹിത്യമഞ്ജരി'യെ പരിഗണിക്കാമോ ? *15*

(c) കാല്പനികകാവ്യമെന്ന നിലയിൽ 'വീണപൂവി'ന്റെ സ്ഥാനമെന്ത് ? *15*

Optional Province · optionalprovince.com

Q7. .(a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :

(a) 'ഖസാക്കിന്റെ ഇതിഹാസ'ത്തിനു് മലയാള നോവൽസാഹിത്യചരിത്രത്തിലെ സ്ഥാനമെന്തു് ? *20*

(b) ആത്മകഥാസാഹിത്യത്തിലെ അവിസ്മരണീയമായ കൃതിയാണ് എസ്. ഗുപ്തൻനായരുടെ 'മനസാസ്മരാമി'. ശരിയോ ? *15*

(c) 'മലയാളത്തിലെ ഇബ്സൺ' എന്നു എൻ. കൃഷ്ണപിള്ളയെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ടു് ? *15*

Q8. (a) എന്ന ചോദ്യത്തിനു ഇരുന്നൂറ്റമ്പതു വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു നൂറ്റമ്പതു വാക്കുകളിലും ഉത്തരമെഴുതുക :

(a) 'ആധുനിക കവിത' എന്ന വീക്ഷണം അയ്യപ്പപ്പണിക്കരുടെ കവിതകൾക്കിണങ്ങുമോ ? പരിശോധിക്കുക. *20*

(b) ഭക്തിസാഹിത്യമെന്ന നിലയിൽ 'അദ്ധ്യാത്മരാമായണ'ത്തിന്റെ പ്രസക്തിയെന്തു് ? *15*

(c) ആധുനിക മാധ്യമസംസ്കാരത്തിന്റെ സ്വാധീനം ചെറുകഥകളിൽ ഏതളവിൽ പ്രകടമാണെന്നു് കണ്ടെത്തുക. *15*

Optional Province · optionalprovince.com